*Malappuram District Police*

**28.07.2017 നിലമ്പൂർ**

നഗരത്തിൽ പട്ടാപകൽ ബൈക്ക് യാത്രികനെ അടിച്ചുവീഴ്ത്തി പണം പിടിച്ചുപറിച്ചെന്ന കേസിൽ തിരുവനന്തപുരം സ്വദേശികൾ പിടിയിലായി. പൂന്തുറ മാണിക്യവിളാകം സബീർ (32), ബൈജുദ്ദീൻ എന്ന ബ്രോഡ്ബാന്റ് ബൈജു (35) എന്നിവരെയാണ് സിഐ കെ.എം. ദേവസ്യ അറസ്റ്റ് ചെയ്തത്. കോടതിപ്പടിയിൽ 2016 ജനുവരി നാലിന് 3.25 ലക്ഷം രൂപ പിടിച്ചുപറിച്ചെന്ന പരാതിയിൽ നടത്തിയ അന്വേഷണത്തിൽ 12.65 ലക്ഷം രൂപ കൊള്ളയടിച്ചതായി കണ്ടെത്തി. കൂട്ടുപ്രതികളായ പോത്തുകൽ ഉപ്പട കുന്നത്ത്പറമ്പൻ സാഫർ (27), സഹോദരൻ ഷെഫീഖ് എന്ന മുത്തു (29) എന്നിവരെ 2016 ഫെബ്രുവരി 26ന് പിടികൂടിയിരുന്നു. പ്രതികൾ സഞ്ചരിച്ച വാടക കാറും പിടിച്ചെടുത്തു. ഗൾഫിലേക്കു കടന്ന പ്രധാനപ്രതി തിരുവനന്തപുരം വള്ളക്കടവ് പുതുവൽ പുത്തൻവീട് ഷാജഹാ(35)നെ ഏപ്രിൽ 20ന് കൊച്ചി വിമാനത്താവളത്തിൽവച്ച് അറസ്റ്റ് ചെയ്തു. പിടികൂടിയപ്പോൾ ഷാജഹാന്റെ കൈവശം രണ്ട് വ്യാജ പാസ്പോർട്ടുകൾ കണ്ടെത്തി. അതിന് കേസെടുത്ത് തിരുവനന്തപുരം മ്യൂസിയം പോലീസിന് കൈമാറി. തിരുവനന്തപുരം പൂന്തുറ ആസാദ് നഗർ നിസാം എന്ന അച്ചുട്ടി നിസാമിനെ കൂടി കേസിൽ പിടികിട്ടാനുണ്ട്. ഗൾഫിലുള്ള നിസാമിനെ നാട്ടിലെത്തിക്കാൻ ശ്രമം തുടരുകയാണ്. എസ്ഐ-മാരായ മനോജ് പറയറ്റ, സി.പ്രദീപ് കുമാർ, എഎസ്ഐ എം.അസൈനാർ, സിപിഒമാരായ ജയരാജ്, സാദത്ത് ബാബു, സുജിത്, റിയാസലി, പി.റഹിയാനത്ത് എന്നിവരും ചേർന്നാണ് അന്വേഷണം നടത്തുന്നത്. പ്രതികളെ കോടതി റിമാന്റ് ചെയ്തു.